**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3532** **02-03-2023 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിൽ റൂസ ഫണ്ട് അനുവദിച്ച കോളേജുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ . കെ .ഡി .പ്രസേനൻ</td><td colspan="2">ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ഏതെല്ലാം കോളേജുകൾക്കാണ് റൂസ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം പ്രവൃത്തികൾക്കാണെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പുതുതായി ഒരു കോളേജും റൂസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.<br><br>റൂസ ഒന്നാം ഘട്ട പദ്ധതിയിൽ (2014-2019) എസ്.എൻ.ജി.എസ്. കോളേജ് പട്ടാമ്പി, വിക്ടോറിയ കോളേജ്, എന്നീ സ്ഥാപനങ്ങൾ ഉൾപ്പെട്ടിരുന്നു.<br><br>2018 മുതൽ നടന്നു വരുന്ന രണ്ടാം ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ താഴെ പറയുന്ന കോളേജുകൾ ഉൾപ്പെട്ടിട്ടുണ്ട്.<br><br>1. ഗവ. കോളേജ്, ചിറ്റൂർ.<br>2. എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ്, ഒറ്റപ്പാലം.<br>3. എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം<br>4. മേഴ്സി കോളേജ്, പാലക്കാട്.<br>5. എം.പി.എം.എം.എസ്.എൻ. ട്രസ്റ്റ് കോളേജ്, ഷൊർണ്ണൂർ.<br>6. എൻ.എസ്.എസ്. കോളേജ്, നെന്മാറ.<br><br>നിർമ്മാണ, പുനരുദ്ധാരണ, പർച്ചേസ്, എന്നീ പ്രവൃത്തികൾക്ക് റൂസ ഫണ്ട് സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ?</td><td>(ബി)</td><td>റൂസ സ്ഥാപനത്തിൽ രണ്ട് കോടി രൂപ വീതം ആണ് സ്ഥാപനങ്ങൾക്ക് അംഗീകാരമായിട്ടുള്ളത്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന 2 സ്ഥാപനങ്ങൾക്കും 2 കോടി രൂപ വീതം അനുവദിച്ച നൽകിയിട്ടുണ്ട്. ഇവിടെ നിർമ്മാണ, പുനരുദ്ധാരണ പർച്ചേസ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റൂസ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 6 സ്ഥാപനങ്ങളിൽ നിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ച വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ